LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർമ്മാണം ആരംഭിച്ചിട്ടില്ല. ബി.ഒ.റ്റി. അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹിക്കാൻ ചുമതലപ്പെടുത്തിയിരുന്ന കെ.റ്റി.ഡി.എഫ്.സി. പ്രസ്തുത നിർമ്മാണ ചുതലയിൽനിന്നും തങ്ങളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 18-11-2014-ൽ നടന്ന ഉന്നതതല യോഗതീരുമാനപ്രകാരം മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ ചുമതല കെ.റ്റി.ഡി.എഫ്.സി.-യെ ഒഴിവാക്കി കെ.എസ്.ആർ.ടി.സി.ക്ക് നൽകുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) നഗരസഭയുടെ കെട്ടിടനിർമ്മാണ അനുമതിയും അഗ്നി സുരക്ഷാ വകുപ്പിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും വർക്ക് സൈറ്റിലെ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി ലഭിക്കേണ്ടതുണ്ട്.

(സി) മലപ്പുറം ബസ് ടെർമിനൽ -കം- ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ ചുമതല കെ.എസ്.ആർ.ടി.സി.-ക്ക് നൽകുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ഡി&ഇ) കെ.റ്റി.ഡി.എഫ്.സി.-യുടെ നിർവ്വഹണ ചുമതലയിൽ തയ്യാറാക്കിയ പ്ലാനും ഡിസൈനും കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ചീഫ് എഞ്ചിനീയർ (സിവിൽ) എന്നിവർ സംയുക്തമായി പരിശോധിക്കുന്നതിനും ഇതിന്റെ സ്വീകാര്യത സംബന്ധിച്ചുള്ള തീരുമാനം സർക്കാരിൽ അറിയിക്കുവാനും ടി പ്രോജക്ടിനായി സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി റിവൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിനും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കി തുടർ നടപടി സ്വീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

സ്വകാര്യ ബസ്സുകളുടെ സൂപ്പർ ക്ലാസ്സ് പദവി

344 (3978) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്വകാര്യ ബസ്സുകൾ പലതും സൂപ്പർ ക്ലാസ്സ് പദവിയിലേക്ക് ഉയർത്തുന്നതുമൂലം വിദ്യാർത്ഥികൾ അടക്കമുള്ളവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; വിശദാംശം എന്തെല്ലാം ;

(ബി) ഓർഡിനറി ബസുകളിൽനിന്നും വിഭിന്നമായി എന്ത് സൗകര്യമാണ് ഫാസ്റ്റ്/സൂപ്പർ ഫാസ്റ്റ് /സ്വകാര്യ ബസ്സുകൾ കൂടുതൽ ചാർജ്ജുകൾ ഈടാക്കുന്നതിന് പകരമായി യാത്രക്കാർക്ക് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഫാസ്റ്റും/സൂപ്പർ ഫാസ്റ്റും കെ.എസ്.ആർ.ടി.സി.-ക്ക് മാത്രം പരിമിതപ്പെടുത്തിയും കെ.എസ്.ആർ.ടി.സി-ക്കുവേണ്ടി ദേശസാൽക്കരിച്ച മുഴുവൻ റൂട്ടുകളും ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സ്വാശ്രയ ബസുകൾ സൂപ്പർ ക്ലാസ് പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടതുകാരണം വിദ്യാർത്ഥികൾക്ക് ലഭ്യമായിരുന്ന കൺസഷൻ ആനുകൂല്യം നഷ്ടപ്പെടുന്നതായും ഹ്രസ്വദൂര യാത്രക്കാർക്ക് കൂടുതൽ ചാർജ് നൽകേണ്ടിവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓർഡിനറി ബസ്സുകൾക്ക് 15 വർഷം വരെ പഴക്കം ആകാം. ഇവ എല്ലാ സ്റ്റോപ്പുകളിലും നിർത്തി യാത്രക്കാരെ കയറ്റുകയും ഇറക്കുകയും ചെയ്യണം. സൂപ്പർ ക്ലാസ്സ് ബസ്സുകൾക്ക് പരമാവധി 5 വർഷം പഴക്കമേ ആകാവൂ. താരതമ്യേന പുതിയ വാഹനങ്ങളിലുള്ള യാത്രയും ലക്ഷ്യസ്ഥാനത്ത് പെട്ടെന്ന് എത്തിച്ചേരാൻ കഴിയുമെന്നുള്ള സൗകര്യവുമാണ് സൂപ്പർക്ലാസ്സ് ബസ്സുകളിൽ കൂടുതൽ ചാർജ് നൽകുന്നതിലൂടെ യാത്രക്കാർക്ക് ലഭിക്കുന്ന അധിക സേവനം.

(സി) സംസ്ഥാനത്തെ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലേക്കുള്ള സൂപ്പർക്ലാസ്സ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള അധികാരം കെ.എസ്.ആർ.ടി.സി.-ക്കു മാത്രമായി നൽകിക്കൊണ്ട് 16-7-2013-ൽ സ.ഉ.(അച്ചടി) 73/13/ഗതാ. പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി.-ക്ക് പൊതു ഗതാഗത ആവശ്യം നിറവേറ്റുന്നതിനുള്ള ഭൗതികസാഹചര്യങ്ങൾ ഇപ്പോൾ പരിമിതമായതിനാൽ 16-7-2013-ന് മുൻപ് തുടർന്ന് വന്ന രീതിയിൽ തന്നെ താൽക്കാലികമായി തുടരാൻ തീരുമാനിക്കുകയും ഒരു പുതിയ സ്കീം തയ്യാറാക്കി കോടതിയുടെ അനുമതിയോടെ നടപ്പാക്കാൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുമുണ്ടായി. ഇത് സംബന്ധിച്ച് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശം ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly